19-7-2014 പ്രകാരം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ജി.ഒ.(എം എസ്) നമ്പർ 174/11/ റവന്യൂ. തീയതി 2-5-2011 ഉത്തരവ്, 8-5-2013- ലെ എൽ.ആർ.കെ.2-18287/12 നമ്പർ സർക്കുലർ എന്നിവ പ്രകാരം സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം റവന്യൂ വകുപ്പുവഴി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥലം വകുപ്പിന് ലഭിക്കുന്നതിന് റവന്യൂ വകുപ്പിൽ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആയത് പൂർത്തീകരിച്ച് സ്ഥലം വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

അഭയം പദ്ധതി

187 (2396) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി.വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് അഭയം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിവഴി ഭവനരഹിതരായ ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് നൽകാനുദ്ദേശിക്കുന്ന ധനസഹായങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഭരണതലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പദ്ധതിയുടെ രൂപരേഖ പരിശോധിച്ചുവരുന്നു. കേരള സംസ്ഥാനത്ത് നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളും ഭവന രഹിതരുമായ 1000 പേർക്ക് ഭവന നിർമ്മാണത്തിനായി 3 ലക്ഷം (മൂന്ന് ലക്ഷം) രൂപ വീതം ധനസഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

(ബി) ഭവന രഹിതരായ 1000 നിർമ്മാണ തൊഴിലാളി ബോർഡ് അംഗങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായമായി 3 ലക്ഷം രൂപ വീതം ഈ പദ്ധതിവഴി

LIBRARY ARCHIVES Kerala Legislative Assembly

നൽകാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്.

(സി) അഭയം പദ്ധതി നടപ്പിലാക്കുന്നതിന് ബോർഡ് 2015-16-ലെ ബഡ്ജറ്റിൽ ശുപാർശ ചെയ്തിട്ടുള്ളതും ഇതിലേയ്ക്ക് തുക വകയിരുത്തിയിട്ടുള്ളതുമാണ്. കൂടാതെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശുപരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്

188 (2397) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ ഏതു സംസ്ഥാനക്കാരാണെന്നും എന്തൊക്കെ തൊഴിൽ ചെയ്യുന്നുവെന്നും എവിടെയൊക്കെ താമസിക്കുന്നുവെന്നും മനസ്സിലാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള ക്രിമിനൽ കേസുകളും ഇവർക്കെതിരെയുള്ള പീഡനങ്ങളും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അന്യസംസ്ഥാന തൊഴിലാളികളിലെ ക്രിമിനലുകളെ തിരിച്ചറിയുവാനും ഇവർക്കെതിരെയുള്ള വർദ്ധിച്ചുവരുന്ന പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും അവസാനിപ്പിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും തൊഴിൽ - ആഭ്യന്തര വകുപ്പുകൾ സംയുക്തമായി ഇവർക്ക് രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. 1979-ലെ അന്യസംസ്ഥാന തൊഴിലാളി നിയമ പ്രകാരം അഞ്ചോ അതിൽ കൂടുതലോ അന്യസംസ്ഥാന തൊഴിലാളികളെ ഏതെങ്കിലും കരാറടിസ്ഥാനത്തിലെ കരാറുകാരൻ മുഖേനയോ ഒരു സ്ഥാപനത്തിൽ ജോലി ചെയ്യിപ്പിക്കുന്നതിന് തൊഴിലുടമ ടി നിയമപ്രകാരമുള്ള രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും തൊഴിൽ വകുപ്പിൽ നിന്നും കരസ്ഥമാക്കേണ്ടതാണ്. അന്യ സംസ്ഥാന തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഇവർക്ക് സംസ്ഥാന വ്യാപകമായി രജിസ്ട്രേഷൻ അനുവദിക്കുന്നുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനത്തെക്കുറിച്ചും തൊഴിലിടത്തെക്കുറിച്ചും ഏർപ്പെടുന്ന തൊഴിലിനെക്കുറിച്ചും മനസ്സിലാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly